# ഗ്രന്ഥകാരന്മാരും കൃതികളും

**കാളിദാസൻ**

വിശ്വവിശ്രുതനായ സംസ്കൃത മഹാകവി. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാളായി അറിയപ്പെടുന്നു. അനേകം ഐതിഹ്യങ്ങൾ ഇദ്ദേഹത്തെക്കുറിച്ചു പ്രചാരത്തിലുണ്ട്. മാളവം എന്ന ദേശത്ത് ജീവിച്ചിരുന്നതായി കരുതുന്നു. അഭിജ്ഞാന ശാകുന്തളം, മാളവികാഗ്നിമിത്രം, വിക്രമോർവശീയം (നാടകങ്ങൾ), കുമാരസംഭവം, രഘുവംശം (മഹാകാവ്യങ്ങൾ), ഋതുസംഹാരം (ഖണ്ഡകാവ്യം), മേഘസന്ദേശം (സന്ദേശകാവ്യം) എന്നിവയാണ് മുഖ്യകൃതികൾ.

**ചെറുശ്ശേരി (15–ാം നൂറ്റാണ്ട്)**

എ.ഡി. 15–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മലയാള കവി. എ.ഡി. 1445 – 75 കാലത്ത് കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. പാണ്ഡിത്യവും ഭാവനാസമ്പത്തും ഒത്തിണങ്ങിയ കവി. കൃഷ്ണഗാഥയാണ് പ്രധാന കൃതി. ഭക്തി, ഫലിതം, ശൃംഗാരം എന്നിവയാണ് കൃഷ്ണഗാഥയിൽ നിറഞ്ഞുനിൽക്കുന്നത്.

**എഴുത്തച്ഛൻ (16–ാം നൂറ്റാണ്ട്)**

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എ.ഡി. 16–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. മധ്യകേരളത്തിലെ പഴയ പൊന്നാനി താലൂക്കിൽ തിരൂരിനടുത്ത് തൃക്കണ്ടിയൂരിലെ തുഞ്ചൻപറമ്പാണ് ജന്മസ്ഥലം. കിളിപ്പാട്ടിനെ ഭാഷയിൽ ഒരു കാവ്യപ്രസ്ഥാനമാക്കി വികസിപ്പിച്ചു. എഴുത്തച്ഛന്റെ കൃതികളിലൂടെ മലയാളത്തിൽ നിലവാരപ്പെട്ട കാവ്യഭാഷ രൂപപ്പെട്ടു. ഭക്തിപ്രസ്ഥാനത്തിന്റെ കേരളത്തിലെ മുഖ്യപ്രയോക്താവ്. അധ്യാത്മരാമായണം, ശ്രീമഹാഭാരതം, ശ്രീമഹാഭാഗവതം (കിളിപ്പാട്ടുകൾ), ചിന്താരത്നം, ഹരിനാമകീർത്തനം എന്നിവ പ്രധാന കൃതികൾ.

**രവീന്ദ്രനാഥ ടാഗോർ (1861 - 1941)**

നോബൽ സമ്മാനം നേടിയ ഭാരതീയ സാഹിത്യകാരൻ. ബംഗാളിലെ കൊൽക്കത്തയിൽ ജനിച്ചു. ഇന്ത്യൻ നവോത്ഥാനത്തിന്റെ ശില്പികളിൽ ഒരാൾ. ബംഗാളിയിലും ഇംഗ്ലീഷിലും എഴുതി. ഭാരതീയ സാഹിത്യത്തെ ആധുനികവൽക്കരിച്ചതിൽ പ്രധാനി. ദേശീയഗാനത്തിന്റെ രചയിതാവ്, കവി, നോവലിസ്റ്റ്, ഉപന്യാസകാരൻ, നാടകകൃത്ത്, ചിത്രകാരൻ, സംഗീതജ്ഞൻ തുടങ്ങിയ നിലകളിൽ പ്രസിദ്ധൻ. പ്രധാനകൃതികൾ: ഗീതാഞ്ജലി, ഉദ്യാനപാലകൻ, കാബൂളിവാല, പോസ്റ്റ്മാസ്റ്റർ, ഗോറ, വീട്ടിലും പുറത്തും തുടങ്ങിയവ.

**എ.ആർ.രാജരാജവർമ (1863 - 1918)**

ചങ്ങനാശ്ശേരിയിൽ ജനനം. കേരളപാണിനി എന്ന പേരിൽ അറിയപ്പെടുന്നു. അധ്യാപകൻ, സംസ്കൃതപാഠശാലാ ഇൻസ്പെക്ടർ, സംസ്കൃത കോളേജ് പ്രിൻസിപ്പൽ തുടങ്ങിയ പദവികൾ വഹിച്ചു. കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം, ശബ്ദശോധിനി, മധ്യമവ്യാകരണം തുടങ്ങി ഭാഷയ്ക്ക് അടിസ്ഥാനം നൽകിയ പ്രാമാണികകൃതികളും ഭാഷാകുമാരസംഭവം, മലയാള ശാകുന്തളം, മലയവിലാസം, പ്രസാദമാല തുടങ്ങിയ കൃതികളും എ.ആറിന്റെ സംഭാവനകളിൽപ്പെടുന്നു.

**എൻ. കുമാരനാശാൻ (1873 - 1924)**

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴിനടുത്തുള്ള കായിക്കര ഗ്രാമത്തിൽ ജനിച്ചു. ശ്രീനാരായണഗുരുവിന്റെ പ്രധാന ശിഷ്യൻ. എസ്.എൻ.ഡി.പി. യോഗം സെക്രട്ടറിയായി പ്രവർത്തിച്ചു. ബാംഗളൂരിലും കൊൽക്കത്തയിലും ഉപരിപഠനം നടത്തി. 1907 – ൽ പ്രസിദ്ധീകരിച്ച വീണപൂവ്' മലയാള കവിതയിൽ ഒരു പുതുയുഗത്തിന് ആരംഭം കുറിച്ചു. നളിനി, ലീല, ചിന്താവിഷ്ടയായ സീത, പ്രരോദനം, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ തുടങ്ങിയ കാവ്യങ്ങളും ധാരാളം ഭാവഗീതങ്ങളും ബാലകവിതകളും രചിച്ചിട്ടുണ്ട്. അതേവരെ നിലനിന്ന കാവ്യരീതിക്കു മാറ്റം വരുത്തി തനതായ ശൈലിക്ക് രൂപംകൊടുത്തു. മലയാളകവിതയിൽ കാല്പനിക വസന്തത്തിനു തുടക്കം കുറിച്ചവരിൽ പ്രമുഖൻ.

**ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877 - 1949)**

ചങ്ങനാശ്ശേരിയിൽ ജനനം. കേരളവർമപ്രസ്ഥാനത്തിന്റെ പ്രമുഖ വക്താവ്. അലങ്കാരപൂർണവും പണ്ഡിതോചിതവുമായ കാവ്യശൈലിയുടെ ഉടമ. ലളിതശൈലിയിലുള്ള ബാലകവിതകളും ഉമാകേരളം എന്ന മഹാകാവ്യവും നിരവധി ഖണ്ഡകാവ്യങ്ങളും ഒട്ടേറെ ഗവേഷണലേഖനങ്ങളും ഉള്ളൂർ രചിച്ചിട്ടുണ്ട്. അഞ്ചു വാല്യങ്ങളിൽ രചിച്ച 'കേരളസാഹിത്യചരിത്രം' ശ്രദ്ധേയമാണ്. കർണഭൂഷണം, പിംഗള, ഭക്തിദീപിക

(ഖണ്ഡകാവ്യങ്ങൾ), കിരണാവലി, താരഹാരം, തരംഗിണി, അമൃതധാര, കല്പശാഖി (കവിതാ സമാഹാരങ്ങൾ) തുടങ്ങിയവ പ്രധാന കൃതികൾ.

**സ്വദേശാഭിമാനി രാമകൃഷ്ണപിള്ള**

**(1878 - 1916)**

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകരയിൽ ജനിച്ചു. മലയാളം കണ്ട ഏറ്റവും ധീരനായ പത്രാധിപർ. രാഷ്ട്രീയവിമർശനവും പുസ്തക നിരൂപണവും മുഖം നോക്കാതെ എഴുതി. അങ്കഗണിതം, ക്ഷേത്രഗണിത സാധനപാഠങ്ങൾ, ഭൂവിവരണ ചോദ്യങ്ങൾ, സോക്രട്ടീസ്, ബാലബോധിനി തുടങ്ങി ധാരാളം കൃതികൾ രചിച്ചു. സ്വതന്ത്രവും നിർഭയവുമായി പത്രപ്രവർത്തനം നടത്തിയതിനാൽ അന്നത്തെ തിരുവിതാംകൂർ ഭരണകൂടം അദ്ദേഹത്തെ 1910-ൽ നാടുകടത്തി. എന്റെ നാടുകടത്തൽ, വൃത്താന്ത പത്രപ്രവർത്തനം എന്നീ പുസ്തകങ്ങൾ ഏറെ ശ്രദ്ധേയമാണ്.

**ജി. ശങ്കരക്കുറുപ്പ് (1901 - 1978)**

എറണാകുളം ജില്ലയിലെ കാലടിക്കടുത്ത് നായത്തോട് ഗ്രാമത്തിൽ ജനിച്ചു. ജ്ഞാനപീഠപുരസ്കാരം നേടിയ ആദ്യ സാഹിത്യകാരൻ. പ്രകൃതിഗായകനെന്നും സിംബോളിക് കവി എന്നും ഇദ്ദേഹത്തെ നിരൂപകന്മാർ വിശേഷിപ്പിക്കുന്നു. വിശ്വദർശനം, സാഹിത്യകൗതുകം (4 ഭാഗങ്ങൾ), സൂര്യകാന്തി, നവാതിഥി, നിമിഷം, ഇതളുകൾ, ഓടക്കുഴൽ, വിശ്വദർശനം, ജീവനസംഗീതം തുടങ്ങിയ കവിതാസമാഹാരങ്ങളും സന്ധ്യ, ഇരുട്ടിനുമുമ്പ് എന്നീ നാടകങ്ങളും രാജനന്ദിനി, ഹരിശ്ചന്ദ്രൻ എന്നീ കഥാ പുസ്തകങ്ങളും ടിപ്പു, ഹൈദരാലി തുടങ്ങിയ ജീവചരിത്രങ്ങളും രചിച്ചിട്ടുണ്ട്. ഇളംചുണ്ടുകൾ, ഓലപ്പീപ്പി, കാറ്റേ വാ കടലേ വാ തുടങ്ങിയ ബാലകവിതാ സമാഹാരങ്ങളും ജിയുടെ സംഭാവനകളാണ്. കാവ്യാത്മകമായ ഗദ്യലേഖനങ്ങളും രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും പത്മഭൂഷൺ ബഹുമതിയും ലഭിച്ചു. പാർലമെന്റിൽ അംഗമായിരുന്നു.

**ഇടശ്ശേരി ഗോവിന്ദൻ നായർ (1906 - 1974)**

ഇന്നത്തെ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ജനനം. കാർഷികസംസ്കാരത്തിന്റെയും ഗ്രാമീണജീവിതത്തിന്റെയും പുരാവൃത്തങ്ങളുടെയും ഉൾത്തുടിപ്പുകൾ ഉൾക്കൊണ്ടകവിതകളും നാടകങ്ങളും രചിച്ചു. പൂതപ്പാട്ട്, പുത്തൻ കലവും അരിവാളും, കുങ്കുമപ്രഭാതം, കാവിലെ പാട്ട്, ഒരു പിടി നെല്ലിക്ക, അളകാവലി, കറുത്ത ചെട്ടിച്ചികൾ തുടങ്ങിയ (കവിതാസമാഹാരങ്ങൾ) കൂട്ടുകൃഷി (നാടകം) തുടങ്ങിയവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമിയുടെയും കേന്ദ്ര സാഹിത്യ അക്കാദമിയുടെയും അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**ബാലാമണിയമ്മ (1909 - 2004)**

1909ൽ തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളത്ത് നാലപ്പാട്ടു തറവാട്ടിൽ ജനിച്ചു. മാതൃത്വത്തിന്റെ മഹത്ത്വവും വിശുദ്ധിയും ആവിഷ്കരിച്ച കവയിത്രി. ഭാര്യ, കുടുംബിനി, അമ്മ, മുത്തശ്ശി തുടങ്ങിയ ഭിന്നഭാവങ്ങളിൽ സ്ത്രീക്കുള്ള ധാർമികബാധ്യതകളും ചേതോവികാരങ്ങളും ഭാവഭംഗിയോടെ കവിതകളിൽ ആവിഷ്കരിച്ചു. സോപാനം, നിവേദ്യം, മുത്തശ്ശി, മഴുവിന്റെ കഥ, അമ്മ, കുടുംബിനി, ലോകാന്തരങ്ങളിൽ തുടങ്ങിയവ പ്രധാന കവിതാസമാഹാരങ്ങൾ. കേരള സാഹിത്യ അക്കാദമി അവാർഡും കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.

സരസ്വതിസമ്മാൻ, എഴുത്തച്ഛൻപുരസ്കാരം എന്നിവയും ലഭിച്ചിട്ടുണ്ട്.

**പി. ഗോവിന്ദപ്പിള്ള**

1926 ൽ എറണാകുളം ജില്ലയിലെ പെരുമ്പാവൂരിനടുത്ത് പുല്ലുവഴിയിൽ ജനിച്ചു. രാഷ്ട്രീയ സാമൂഹ്യപ്രവർത്തകൻ, പത്രപ്രവർത്തകൻ. തിരുക്കൊച്ചി, കേരളനിയമസഭകളിൽ അംഗമായിരുന്നു. ചലച്ചിത്ര വികസന കോർപറേഷൻ ചെയർമാൻ, ദേശാഭിമാനി, ചിന്ത എന്നിവയുടെ പത്രാധിപർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. മാർക്സും മൂലധനവും, ഇസങ്ങൾക്കിപ്പുറം, സാഹിത്യവും രാഷ്ട്രീയവും, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം - ഉത്ഭവവും വളർച്ചയും തുടങ്ങിയവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയിട്ടുണ്ട്.

**സുകുമാർ അഴീക്കോട്**

1926-ൽ കണ്ണൂർ ജില്ലയിലെ അഴീക്കോട്ട് ജനിച്ചു. അധ്യാപകൻ, പ്രഭാഷകൻ, നിരൂപകൻ, പത്രാധിപർ എന്നീ നിലകളിൽ പ്രസിദ്ധൻ. ആശാന്റെ സീതാകാവ്യം, മഹാത്മാവിന്റെ മാർഗം, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, വായനയുടെ സ്വർഗത്തിൽ, മലയാളസാഹിത്യ വിമർശനം, തത്ത്വമസി, എന്തിന്നു ഭാരതധരേ, ഗുരുവിന്റെ ദു:ഖം, അഴീക്കോടിന്റെ ലേഖനങ്ങൾ എന്നിവ പ്രധാന കൃതികൾ. കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**വയലാർ രാമവർമ (1928 - 1975)**

ആലപ്പുഴ ജില്ലയിലെ വയലാറിൽ ജനിച്ചു. കവി, ഗാനരചയിതാവ് എന്നീ നിലകളിൽ പ്രസിദ്ധൻ. പ്രധാന കൃതികൾ: കൊന്തയും പൂണൂലും, മുള

ങാട്, ആയിഷ, സർഗസംഗീതം തുടങ്ങിയവ. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയിട്ടുണ്ട്.

**എൻ.പി. മുഹമ്മദ് (1928 - 2003)**

കോഴിക്കോട് ഇടിയങ്ങരയിൽ ജനിച്ചു. മലയാള ചെറുകഥാകൃത്തും നോവലിസ്റ്റും. തൊപ്പിയും തട്ടവും, പ്രസിഡണ്ടിന്റെ ആദ്യത്തെ മരണം, എണ്ണപ്പാടം, മരം, ഹിരണ്യകശിപു, ഗുഹ, മുഹമ്മദിന്റെ ജനനം, ദൈവത്തിന്റെ കണ്ണ്, നല്ലവരുടെ ലോകം, വാരിയെല്ലുകൾ തുടങ്ങി ധാരാളം കൃതികളുടെ കർത്താവ്. എം.ടി.വാസുദേവൻ നായരുമായി ചേർന്നു രചിച്ച നോവലാണ് 'അറബിപ്പൊന്ന്'. കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**ഒ.എൻ.വി. കുറുപ്പ്**

1931ൽ കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. കവി, ചലച്ചിത്രഗാനരചയിതാവ്. നാടൻശീലുകളോടുള്ള ആഭിമുഖ്യം, ഗാനാത്മകത, ലയഭംഗി, ആശയസമ്പുഷ്ടി എന്നിവ ഒ.എൻ.വി. കവിതകളുടെ സവിശേഷതകൾ. നീലക്കണ്ണുകൾ, ഒരുതുള്ളി വെളിച്ചം, മയിൽപ്പീലി, അഗ്നിശലഭങ്ങൾ, കറുത്ത പക്ഷിയുടെ പാട്ട്, ഉജ്ജയിനി, ഭൂമിക്കൊരു ചരമഗീതം, അക്ഷരം, ഉപ്പ്, ഭൈരവന്റെ തുടി, സ്വയംവരം തുടങ്ങിയവ പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും എഴുത്തച്ഛൻ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

**സി. വി. ശ്രീരാമൻ (1933 - 2007)**

കഥാകൃത്ത്, രാഷ്ട്രീയപ്രവർത്തകൻ, അഭിഭാഷകൻ. കേരള സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. തീർഥക്കാവടി, ദുഃഖിതരുടെ ദുഃഖം, പുറംകാഴ്ചകൾ, വാസ്തുഹാരാ, ചക്ഷുശ്രവണഗളസ്ഥമാം തുടങ്ങിയവ കൃതികൾ. കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**എം.ടി. വാസുദേവൻനായർ**

1933ൽ പൊന്നാനി താലൂക്കിലെ കൂടല്ലൂർ ഗ്രാമത്തിൽ ജനിച്ചു. നോവലിസ്റ്റ്, ചെറുകഥാകൃത്ത്, തിരക്കഥാകൃത്ത്, സിനിമാസംവിധായകൻ, പത്രാധിപർ.

നാലുകെട്ട്, അസുരവിത്ത്, കാലം, മഞ്ഞ്, രണ്ടാമൂഴം, വാരാണസി (നോവലുകൾ), ഇരുട്ടിന്റെ ആത്മാവ്, കുട്ട്യേടത്തി, ബന്ധനം, നിന്റെ ഓർമയ്ക്ക്, വാനപ്രസ്ഥം, ഷെർലക് (കഥകൾ) തുടങ്ങിയവ പ്രധാന കൃതികൾ. നിരവധി രചനകൾ ചലച്ചിത്രമായിട്ടുണ്ട്. ജ്ഞാനപീഠപുരസ്കാരം ലഭിച്ചു. തിരക്കഥയ്ക്ക് പല തവണ സംസ്ഥാന-ദേശീയ അവാർഡുകൾ ലഭിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**സുഗതകുമാരി**

1934ൽ തിരുവനന്തപുരത്തു ജനിച്ചു. സാമൂഹിക പ്രവർത്തനരംഗത്തും പ്രകൃതി സംരക്ഷണരംഗത്തും വിലപ്പെട്ട സംഭാവനകൾ നൽകി. മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാതിരാപ്പൂക്കൾ, പാവം മാനവഹൃദയം, ഇരുൾച്ചിറകുകൾ, രാത്രിമഴ, അമ്പലമണി, കുറിഞ്ഞിപ്പൂക്കൾ, കൃഷ്ണകവിതകൾ, രാധയെവിടെ, ദേവദാസി, കാവുതീണ്ടല്ലേ തുടങ്ങിയവ പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും എഴുത്തച്ഛൻ പുരസ്കാരവും ലഭിച്ചു.

**ജി. അരവിന്ദൻ (1935 - 1991)**

കോട്ടയത്ത് ജനനം. പ്രസിദ്ധ ഹാസസാഹിത്യകാരനായിരുന്ന എം.എൻ.ഗോവിന്ദൻനായരുടെ മകൻ. ചലച്ചിത്ര സംവിധായകൻ, കാർട്ടൂണിസ്റ്റ്, തിരക്കഥാകൃത്ത്, സംഗീതജ്ഞൻ. ചെറിയ മനുഷ്യരും വലിയ ലോകവും എന്ന കാർട്ടൂൺ പരമ്പരയിലൂടെ ശ്രദ്ധേയനായി. കാഞ്ചനസീത, തമ്പ്, ഒരിടത്ത് എന്നീ ചലച്ചിത്രങ്ങൾക്ക് സംവിധായകനുള്ള ദേശീയ അവാർഡും ചിദംബരത്തിന് മികച്ച ചിത്രത്തിന്റെ സംവിധായകനുള്ള ദേശീയ അവാർഡും ലഭിച്ചു. ഉത്തരായനം, തമ്പ്, എസ്തപ്പാൻ, പോക്കുവെയിൽ, ചിദംബരം, ഒരിടത്ത്, വാസ്തുഹാര എന്നീ ചിത്രങ്ങൾക്ക് മികച്ച സംവിധായകനുള്ള കേരളസർക്കാരിന്റെ അവാർഡ് ലഭിച്ചു.

**എൻ.എൻ.കക്കാട് (1935 - 1987)**

കക്കാട് നാരായണൻ നമ്പൂതിരി. കോഴിക്കോട് ജില്ലയിലെ അവിടനല്ലൂർ കക്കാട്ടില്ലത്ത് ജനിച്ചു.

മലയാളത്തിലെ ആധുനികതാപ്രസ്ഥാനത്തിൽപ്പെട്ട പ്രമുഖ കവി.

ശലഭഗീതം, പാതാളത്തിന്റെ മുഴക്കം, ആയിരത്തിത്തൊള്ളായിരത്തി അറുപത്തിമൂന്ന്. വജ്രകുണ്ഡലം, സഫലമീയാത്ര, ഇതാ ആശ്രമമൃഗം കൊല്ല് കൊല്ല്, പകലറുതിക്കുമുമ്പ് എന്നിവ പ്രധാന കൃതികൾ.

**സെബാസ്റ്റ്യൻ പോൾ**

1947-ൽ എറണാകുളത്തു ജനിച്ചു. പത്രപ്രവർത്തകൻ, അഭിഭാഷകൻ, അധ്യാപകൻ, പാർലമെന്റ് അംഗം, നിയമസഭാംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. ജോൺപോൾ മാർപാപ്പ,

മദർതെരേസാ (ജീവചരിത്രങ്ങൾ), മനുഷ്യനും തൊഴിലും, ഇസ്രയേലും അയൽരാജ്യങ്ങളും, ലോകസംഘടനകൾ, പരേതന്റെ തിരിച്ചുവരവ് തുടങ്ങിയവയാണ് പ്രധാന കൃതികൾ.

**വിജയകുമാർ മേനോൻ**

1947 – ൽ ജനിച്ചു. പ്രമുഖനായ കലാ വിമർശകൻ. കോളേജ് ഓഫ് ഫൈൻ ആർട്സിൽ വിസിറ്റിങ് ഫെലോ ആയിരുന്നു. ആധുനികകലാദർശനം, സ്ഥലം കാലം, കല, രക്തവിവാഹം (വിവ.) എന്നിവയാണ് പ്രധാന കൃതികൾ. ലളിതകലാ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**യു.കെ. കുമാരൻ**

1950 – ൽ കോഴിക്കോട് ജില്ലയിലെ പയ്യോളിയിൽ ജനിച്ചു. ചെറുകഥാകൃത്ത്, പത്രപ്രവർത്തകൻ. പുതിയ ഇരിപ്പിടങ്ങൾ. മടുത്ത കളി, അടയാളങ്ങൾ വന്നു കൊണ്ടിരിക്കുന്നു, അച്ഛൻ ഉറങ്ങുന്നില്ല, ഒറ്റയ്ക്കൊരു സ്ത്രീ ഓടുന്നതിന്റെ രഹസ്യമെന്ത്? വീട് സംസാരിക്കുന്നു, മധ്യേയിങ്ങനെ കാണുന്ന നേരത്ത് തുടങ്ങിയവയാണ് പ്രധാന കൃതികൾ.

**വി.കെ. ജോസഫ്**

1951 – ൽ കണ്ണൂർ ജില്ലയിലെ കുന്നോത്ത് ജനിച്ചു. ചലച്ചിത്ര നിരൂപകൻ, കേരള ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ. ചലച്ചിത്രാസ്വാദനവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. സിനിമയും പ്രത്യയശാസ്ത്രവും പ്രധാനകൃതി. ചലച്ചിത്ര നിരൂപണത്തിനുള്ള ദേശീയ-സംസ്ഥാന അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**അശോകൻ ചരുവിൽ**

1957-ൽ തൃശ്ശൂർ ജില്ലയിലെ കാട്ടൂരിൽ ജനിച്ചു-ചെറുകഥാകൃത്ത്. സൂര്യകാന്തികളുടെ നഗരം, പരിചിതഗന്ധങ്ങൾ, ഒരു രാത്രിക്ക് ഒരു പകൽ (കഥാസമാഹാരങ്ങൾ), കംഗാരുനൃത്തം (നോവൽ) എന്നിവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**

1963 – ൽ കണ്ണൂർ ജില്ലയിലെ പൊയ്ത്തും കടവിൽ ജനനം. ചെറുകഥാകൃത്ത്. മഞ്ഞുകാലം, ആർക്കും വേണ്ടാത്ത ഒരു കണ്ണ് (കഥകൾ), ഈർച്ച (നോവലെറ്റുകൾ) തുടങ്ങിയവയാണ് പ്രധാന കൃതികൾ.

**പി. കെ. രാജശേഖരൻ**

1966 – ൽ തിരുവനന്തപുരത്ത് ജനിച്ചു. പത്രപ്രവർത്തകൻ. നിരൂപകൻ. പിതൃഘടികാരം-ഒ.വി.വിജയന്റെ കലയും ദർശനവും, അന്ധനായ ദൈവം-മലയാള നോവലിന്റെ നൂറു വർഷങ്ങൾ, ഏകാന്തനഗരങ്ങൾ, വാക്കിന്റെ മൂന്നാംകര, നോവൽ: ബോധവും പ്രതിബോധവും (എഡിറ്റർ), തുടങ്ങിയവയാണ് പ്രധാന കൃതികൾ.